# 64

കർത്താവു തൻ ഗംഭീരനാദത്തോടും
പ്രധാന ദൈവദൂത ശബ്ദത്തോടും
സ്വർഗ്ഗത്തിൽ നിിറങ്ങി വന്നിടുമ്പോൾ
എത്രയോ സന്തോഷം മദ്ധ്യാകാശത്തിൽ

1. മണ്ണിലുറങ്ങീടുന്ന ശുദ്ധിമാന്മാർ
കാഹളനാദം കേൾക്കുന്ന മാത്രയിൽ
പെട്ടെുയിർത്തു വാനിൽ ചേർന്നിടുമേ
തീരാത്ത സന്തോഷം പ്രാപിക്കുമവർ

2. ജീവനോടീ ഭൂതലേ പാർക്കും ശുദ്ധർ
രൂപാന്തരം പ്രാപിക്കുമാനേരത്തിൽ
ഗീതസ്വരത്തോടും ആർപ്പോടും കൂടെ
വിണ്ണുലകം പൂകും ദൂതതുല്യരായ്

3. കുഞ്ഞാട്ടിൻ കല്യാണ മഹൽദിനത്തിൽ
തന്റെ കാന്തയാകും വിശുദ്ധസഭ
മണിയറക്കുള്ളിൽ കടക്കുമാൾ
എന്തെന്തു സന്തോഷം ഉണ്ടാമവൾക്ക്

4. സിദ്ധന്മാരാം പൂർവ്വ പിതാക്കളെല്ലാം
മദ്ധ്യാകാശത്തിൽ കല്യാണ വിരുന്നിൽ
ക്ഷണിക്കപ്പെട്ടു പന്തിയിരിക്കുമ്പോൾ
ആമോദമായ് പാടും ശാലേമിൻ ഗീതം

5. രാജത്വം പ്രാപിച്ചു താൻ ഭൂതലത്തിൽ
ആയിരമാണ്ടു വാഴാൻ വന്നിടുമ്പോൾ
ശത്രുവാം സാത്താനെ ബന്ധിച്ചിടുന്നു
വാണിടും ഭൂമിയിൽ രാജാധിരാജൻ